## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2762 14.02.2013-ൽ മറുപടിക്ക്**

**തീരദേശത്തെ ശുദ്ധജല ദൗർലഭ്യം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ശുദ്ധജലക്ഷാമം മൂലം സംസ്ഥാനത്തെ തീരദേശ വാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തി യിട്ടുണ്ടോ ; | (എ) വിലയിരുത്തിയിട്ടുണ്ട് |
| (ബി) അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതു കാരണം തീരദേശ ഗ്രാമീണ മേഖലയിലെ പല പദ്ധതികളും അവതാളത്തിലാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽ പ്പെട്ടിട്ടില്ല |
| (സി) കോടികൾ മുതൽ മുടക്കിയ വിഴിഞ്ഞം, മുക്കോല, പുലിയൂർ ക്കോണം, കരിച്ചൽ, കൊല്ലങ്കോണം, കണ്ണകുളം, ആട്ടറമൂല, മൂലക്കര, വളവ്നട, പുളിങ്കുടി തുടങ്ങിയ ശുദ്ധജല വിതരണ പദ്ധതികളുടെ യെല്ലാം ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തി | (സി) വിലയിരുത്തിയിട്ടുണ്ട്. എല്ലാ പദ്ധതി കളും സുഗമമായി പ്രവർത്തിക്കുന്നുണ്ട്. മൂലക്കര, വളവ്നട, പുളിങ്കുടി എന്നീ പദ്ധതികളിൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നിലവിലുള്ള കുഴൽക്കിണറു കൾക്ക് പുറമേ അധികമായി ഓരോ കുഴൽക്കിണർ കുഴിച്ച് പമ്പ് സെറ്റ് ഇറക്കി ജല സ്രോതസ്സിന്റെ ലഭ്യത കൂടുതൽ ഉറപ്പുവരുത്തിയിട്ടുണ്ട്. മുക്കോല, പുലിയൂർ ക്കോണം എന്നീ പദ്ധതികളിൽ |

യിട്ടുണ്ടോ; എങ്കിൽ
വിശദാംശം നൽകുമോ ?

എം.എൽ.എ ഫണ്ട് ഉപയോഗിച്ച് രണ്ട് വീതം കുഴൽകിണറുകൾ കുഴിച്ച് പമ്പ് സെറ്റ് സ്ഥാപിച്ച് ജല സ്രോതസ്സ് കൂടുതൽ ലഭ്യമാക്കുന്നതിനുള്ള പണികളുടെ ടെണ്ടറുകൾ വിളിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ